**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 842 28.04.2017 -ൽ മറുപടിക്ക്**

**ആലപ്പുഴ കളർകോട് ജംഗ്ഷൻ മുതൽ ഹൈവേക്ക് സമാന്തരമായി പുതിയ പാത**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നാഷണൽ ഹൈവേയിൽ ആലപ്പുഴ കളർകോട് ജംഗ്ഷൻ മുതൽ തെക്കോട്ട് വണ്ടാനം വരെ ഇപ്പോൾ ഗതാഗത കുരുക്ക് മൂലം ദീർഘദൂര യാത്രക്കാർക്കും പ്രാദേശീയർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ മണ്ഡല ത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വമ്പിച്ച ഗതാഗത വികസനം നടന്നിട്ടുണ്ട്. തീരദേശപാതാ, പഴയ നടക്കാവ് റോഡ് പുതിയതായി നിർമ്മിച്ചിട്ടുണ്ട്. ഇനി ബാക്കിയുള്ള തീരദേശ പാതയുടെ നിർമ്മാണം ആരംഭിക്കും. വീണ്ടും വീതികൂട്ടും. |
| (ബി) ബൈപ്പാസ് റോഡ് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ വാഹനങ്ങൾ ഒരേ സമയം എത്തിച്ചേരുന്നതിനാൽ നാലുവരിപ്പാത നിർമ്മിച്ചാലും ഇവിട്ടത്തെ തിരക്കിന് കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ; | (ബി) ബൈപ്പാസ് പൂർത്തിയാകുന്നതോടു കൂടി ദീർഘദൂര യാത്രക്കാർ ബൈപ്പാസ് ഉപയോഗിക്കുകയും വാഹനങ്ങളുടെ എണ്ണ ത്തിൽ ക്രമാതീതമായ വർദ്ധന ഉണ്ടാകുന്നതു മാണ്. എന്നാൽ ബൈപ്പാസ് നാലുവരി പ്പാതയായി നിർമ്മിക്കുന്നതോടു കൂടി ഇവിടുത്തെ ഗതാഗത തിരക്ക് കുറയ്ക്കാ നാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ഹൈവേക്ക് സമാന്തരമായി നിലവിലുള്ള ഉപയോഗശൂന്യമായ സ്കൂട്ടർ ഫാക്ടറി റോഡ്, ഗുരുമന്ദിരം ജംഗ്ഷൻ എന്നിവ വികസിപ്പിച്ച് വാടപ്പൊഴി മുതൽ അരക്കിലോമീറ്റർ റോഡിന് വീതികൂട്ടി എൻ. എച്ച്. ബൈപ്പാസ് റോഡിൽ എത്തിച്ചാൽ ഗതാഗത കുരുക്ക് പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (സി) നിലവിൽ ദേശീയ പാതയുടെ അധീനതയിൽ സി.ആർ.എഫ് പദ്ധതി പ്രകാരം കളർക്കോട് അഞ്ജലി ആഡിറ്റോറിയം മുതൽ പടിഞ്ഞോട്ട് ഗുരുമന്ദിരം വഴി ഗലീലിയോ ജംഗ്ഷൻ, ഷാപ്പ് ജംഗ്ഷൻ, വിയാനിപ്പള്ളി, വ്യാസ ജംഗ്ഷൻ - അയ്യൻ കോയിക്കൽ റോഡ് വഴി ദേശീയപാതയിൽ എത്തിച്ചേരുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 20 കോടി അടങ്കൽ. |
| (ഡി) സ്കൂട്ടർ ഫാക്ടറി റോഡ് പുനരുദ്ധരിച്ച് ദേശീയ നിലവാരത്തിലുള്ള രണ്ടുവരിപ്പാത യൊരുക്കുകയും ഗുരുമന്ദിരം ജംഗ്ഷൻ വികസിപ്പിച്ച് അവിടുന്ന് വാടപ്പൊഴി പാലം വരെയുള്ള ഭാഗം വീതി കൂട്ടുകയും | (ഡി) വാടാപ്പൊഴി പാലത്തിനു സമീപത്തു നിന്നും മത്സ്യഗന്ധി ജംഗ്ഷൻ വരെ സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കളർകോട് ജംഗ്ഷനിൽ നിന്നും തുടങ്ങുന്ന സതേൺ ബൗണ്ടറി |

| | |
|---|---|
| വാടപ്പൊഴിമുതൽ കുതിരപ്പന്തി എൻ. എച്ച്. വരെയുള്ള അരക്കിലോമീറ്റർ മാത്രം സ്ഥലം ഏറ്റെടുത്ത് റോഡ് വീതികൂട്ടി നിർമ്മിച്ചാൽ അമ്പലപ്പുഴ മണ്ഡലത്തിൽ വിശാലമായ മറ്റൊരു പാത കൂടി സാക്ഷാത്ക്കരിക്കുമെന്നതിനാൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | റോഡ് സി.ആർ.എഫിൽ ചെയ്യുന്നതിന് ദേശീയപാതാ വിഭാഗത്തിൽ നിന്നും നടപടികൾ നടന്നു വരുന്നു. തീരദേശ റോഡ് പുനരുദ്ധാരണത്തിന് ദേശീയപാതാ വിഭാഗം വഴി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ നഗരത്തിൽ 270 കോടി രൂപയുള്ള നഗരവികസന പദ്ധതി സ്ഥലം എം.എൽ.എ കൂടിയായ പൊതുമരാമത്ത് വകുപ്പ് മന്ത്രി മുൻകൈയ്യെടുത്ത് അംഗീകരിച്ചിട്ടുണ്ട്. താമസിയാതെ നടപ്പാക്കും. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരവും, മന്ത്രി സഭയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.<br>നാഷണൽ ഹൈവേ പാതിരാപ്പള്ളി മുതൽ ഓച്ചിറ വരെ ജർമൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർ നിർമ്മാണം തുടങ്ങി. അത് ലോക ശ്രദ്ധ തന്നെ ആകർഷിച്ചിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**